## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.5537

18-11-2019 ൽ മറുപടിയ്ക്ക്

### അഗ്നിശമന നിലയങ്ങളിൽ ഡ്രൈവർമാരുടെ അഭാവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| എ) | സംസ്ഥാനത്തൊട്ടാകെ നിലവിൽ എത്ര അഗ്നിശമന നിലയങ്ങളാണുള്ളത്; അത്രയും നിലയങ്ങളിൽ ആകെ എത്ര വാഹനങ്ങളുണ്ട്; നിലവിലുള്ള അഗ്നിശമന നിലയങ്ങളിലുള്ള വാഹനങ്ങൾ ഓടിക്കുന്നതിന് എത്ര ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർമാരുടെ തസ്തികകളാണുള്ളത്; | എ) | സംസ്ഥാനത്തൊട്ടാകെ 124 അഗ്നിശമന നിലയങ്ങളാണുള്ളത്. 691 വാഹനങ്ങളാണ് നിലയങ്ങളിൽ അനുവദിച്ചിട്ടുള്ളത്. വകുപ്പിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്ററുടെ 914 തസ്തികകളാണ് നിലവിലുള്ളത്. |
| ബി) | അഗ്നിശമന നിലയങ്ങളിലെ ഫയർ വെഹിക്കിൾ വാഹനം ഓടിക്കാൻ ഇരുപത്തിനാലു മണിക്കൂറും ഡ്യൂട്ടി നോക്കുന്നതിന് ആവശ്യമായ ഡ്രൈവർമാർ ഉണ്ടോ; ഇല്ലെങ്കിൽ അഗ്നിശമന പ്രവർത്തനങ്ങൾക്കായി വാഹനങ്ങൾ സമയത്ത് എത്തിച്ചേരാത്ത ഗുരുതരമായ സാഹചര്യം സർക്കാർ ഗൗരവമായി കാണുമോ; അതിന് പരിഹാരമായി ഫയർമാൻ ഡ്രൈവർ -കം- പമ്പ് ഓപ്പറേറ്റർമാരുടെ തസ്തികകൾ സൃഷ്ടിക്കുമോ; | ബി) | ആവശ്യമായ ഡ്രൈവർമാർ ഉണ്ട്. ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരുടെ കുറവുകൊണ്ട് അടിയന്തിര സാഹചര്യങ്ങളിൽ വകുപ്പിന്റെ സേവനം ലഭ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടില്ല. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അഗ്നിശമന സേനയിലേക്ക് വാങ്ങിയിട്ടുള്ള വാഹനങ്ങൾക്ക് ഇരുപത്തിനാലു മണിക്കൂറും ഡ്യൂട്ടി നോക്കുന്നതിനായി ഡ്രൈവർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുതിയ | സി) | പുതിയതായി വാഹനങ്ങൾ അനുവദിക്കുമ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കാറില്ല. വകുപ്പിൽ നിന്നും കാലഹരണപ്പെട്ട വാഹനങ്ങൾ യഥാസമയം നിരാകരണം ചെയ്ത് ലേലത്തിൽ വിൽക്കാറുണ്ട്. ആയതിന്റെ കുറവ് നികത്തുന്നതിനും വാഹനങ്ങളുടെ കുറവുണ്ടായിരുന്ന നിലയ |

തായി വാങ്ങിയ വാഹനങ്ങളുടെ ഉപയോഗം എങ്ങനെയാണ് ക്രമീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

ങ്ങളിലേക്കുമാണ് പുതിയ വാഹനങ്ങൾ അനുവദിച്ചിട്ടുള്ളത്.

ഡി) തീപിടുത്തങ്ങൾ, മറ്റ് അപകടങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ അഗ്നി ശമന വാഹനങ്ങൾ യഥാസമയം എത്തിച്ചേരുന്നില്ല എന്നുള്ള പത്ര വാർത്തകൾ നിരന്തരം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്യാഹി തങ്ങൾ ഉണ്ടാകുന്ന സ്ഥലത്തി നടുത്തുള്ള അഗ്നിശമന നിലയങ്ങ ളിൽ വാഹനങ്ങൾ ഉണ്ടായിട്ടും ഓടിക്കാൻ ഡ്രൈവർമാർ ഇല്ലാത്ത തിനാൽ വളരെ ദൂരെയുള്ള അഗ്നി ശമന നിലയത്തിൽ നിന്നാണ് വാഹനങ്ങൾ ഓടിയെത്തുന്നത് എന്നുള്ള യാഥാർത്ഥ്യം സർക്കാർ ഗൗരവമായി കാണുമോ;

ഡി) അപകടങ്ങൾ അറിയുന്ന/അറിയിക്കുന്ന മുറയ്ക്ക് അഗ്നിശമന സേന അത്യാഹിത സ്ഥലങ്ങളിൽ യഥാസമയം എത്തി സ്തുത്യർഹമായ സേവനങ്ങൾ കാഴ്ച വയ്ക്കാറുണ്ട്. അപകടങ്ങളുടെ സ്വഭാവം അനുസരിച്ചാണ് സംഭവ സ്ഥലത്തേക്ക് വാഹനങ്ങളെ നിയോഗിക്കുന്നത്. ഗുരുതരമായ അപകടങ്ങൾ ഉണ്ടാകുമ്പോൾ മാത്രമാണ് ഒരു നിലയത്തിലുള്ള എല്ലാ ക്രൂവും വാഹനങ്ങളും ഒരുമിച്ച് ഉപയോഗി ക്കേണ്ടി വരുന്നത്. ഇത്തരം അടിയന്തിര സാഹചര്യത്തിൽ അപകടത്തിന്റെ തീവ്രതയ്ക്കനുസരിച്ച് കൂടുതൽ സേനാംഗ ങ്ങൾ/ വാഹനങ്ങൾ/ഉപകരണങ്ങൾ ആവശ്യമാകുന്ന മുറയ്ക്കാണ് മറ്റ് സമീപ സ്റ്റേഷനുകളിൽ നിന്ന് ലഭ്യമാക്കാറുള്ളത്.

ഇ) അഗ്നിശമനസേനാ വിഭാഗത്തിൽ ഫയർമാൻമാരെ നിയമിക്കുമ്പോൾ അവർക്ക് ട്രെയിനിംഗ് കാലയള വിൽ ഡ്രൈവിംഗ് പരിശീലനം നൽകാറുണ്ടോ; എങ്കിൽ അങ്ങനെ പരിശീലനം നൽകുന്നതിന്റെ ഉദ്ദേശ്യം എന്താണ്; ട്രെയിനിംഗ് കാലയളവിൽ ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസ് എടുത്ത് ജീവനക്കാർ സേനയിൽ നിലനിൽക്കേ മതിയായ ഡ്രൈവർ മാർ ഇല്ലാത്തതിനാൽ അഗ്നിശമന പ്രവർത്തനങ്ങൾക്ക് വാഹനങ്ങൾ ഓടിക്കാൻ പറ്റുന്നില്ല എന്ന ഗുരുതരമായ സാഹചര്യം പരിഹരി ക്കുന്നതിനായി ലൈസൻസ് ഉള്ള ഫയർമാൻമാർക്ക് ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുമതി നൽകുമോ;

ഇ) ഉണ്ട്. ഫയർമാൻ ട്രെയിനി തസ്തികയിലെ ജീവനക്കാർക്ക് പരിശീലനം നൽകുമ്പോൾ ഒരു പരിശീലനാർത്ഥിയുടെ സമഗ്രമായ വ്യക്തിത്വ വികസനം മുൻനിർത്തി പാഠ്യപദ്ധതിയിൽ ഡ്രൈവിംഗ് പരിശീലനം ഉൾപ്പെടുത്തി ലൈറ്റ് മോട്ടോർ വെഹിക്കിളുകളുടെ പരിശീലനം നൽകി വരുന്നു. പരിശീലനാർത്ഥികൾക്ക് സ്വന്തം ചെലവിലാണ് പരിശീലനം നൽകുന്നത്. വകുപ്പിലെ ഫയർ ഫൈറ്റിംഗ് വാഹനങ്ങൾ കൂടുതലും ഹെവി മോട്ടോർ വെഹിക്കിൾസ് ആണ്. വാഹനങ്ങൾ ഓടിക്കുന്നതിന് കൂടുതൽ പരിചയം ആവശ്യമാണ്. മാത്രവുമല്ല വകുപ്പിൽ ഓരോ തസ്തികയ്ക്കുമുള്ള ചുമതലകൾ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ, ഫയർമാൻ എന്നീ തസ്തികകളിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിലാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നത്. ലൈസൻസ് ഉള്ള

| | | | |
|---|---|---|---|
| | | | ഫയർമാൻമാർക്ക് ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലില്ല |
| എഫ് | സേനയിലെ നാന്നൂറോളം വാഹനങ്ങൾ ഉപയോഗമില്ലാതെ പൊതുജനങ്ങൾക്ക് പ്രയോജനരഹിതമായി കിടക്കുമെന്ന സാഹചര്യം എങ്ങനെ പരിഹരിക്കുമെന്ന് വ്യക്തമാക്കുമോ? | എഫ് | സേനയിലെ പ്രവർത്തനക്ഷമമായ ഒരു വാഹനവും പൊതുജനങ്ങൾക്ക് ഉപയോഗപ്രദമല്ലാതായി മാറ്റി നിർത്താറില്ല |

സെക്ഷൻ ഓഫീസർ